ജലപാതകളുടെ നവീകരണം

38(941) ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. സി. എഫ്. തോമസ് :
ശ്രീ. കെ. എം. മാണി :
ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ജലപാതകളുടെ നവീകരണത്തിന് വേണ്ടി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കാമോ ;

(ബി) കോവളം മുതൽ കോട്ടപ്പുറം വരെ ദേശീയജലപാതയാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ ഇത് സംബന്ധിച്ച് സാധ്യത പഠന റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ ;

(ഡി) ഈ പദ്ധതിക്ക് വേണ്ടി എന്ത് തുക ചെലവഴിക്കേണ്ടി വരും എന്നും എന്നത്തേക്ക് പണി പൂർത്തിയാക്കാൻ കഴിയുമെന്നും വിശദമാക്കാമോ ?

ഉത്തരം

(എ) പശ്ചിമതീര കനാലിൽ ഉൾപ്പെടുന്ന ടി.എസ് കനാലിന്റെ കൊല്ലം മുതൽ കോട്ടപ്പുറം (കൊടുങ്ങല്ലൂർ) വരെയുള്ള ഭാഗം 3-ാം ദേശീയജലപാതയായി കേന്ദ്ര ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുണ്ട്. ഈ ഭാഗത്തു വരുന്ന നവീകരണ/ വികസന പ്രവർത്തനങ്ങൾ കേന്ദ്ര സർക്കാരിന്റെ സ്റ്റാറ്റ്യൂട്ടറി ബോഡിയായ ഇൻലാന്റ് വാട്ടർ വേയ്സ് അതോറിറ്റി ഓഫ് ഇൻഡ്യ നടത്തി വരുന്നുണ്ട്. ഈ ജലപാതയുടെ ആഴവും വീതിയും കൂട്ടുക, ജലഗതാഗത ടെർമിനലുകൾ നിർമ്മിക്കുക, ഡോക്കുകളുടെ നിർമ്മാണം പുനരുദ്ധാരണം എന്നീ ജോലികൾ ദ്രുതഗതിയിൽ നടന്നുവരുന്നുണ്ട്. മേൽ സൂചിപ്പിച്ച ഭാഗം കഴിച്ച് ഏകദേശം 420 കി.മീ. ദൈർഘ്യം വരുന്ന പശ്ചിമതീരകനാലിന്റെ ബാക്കി ഭാഗവും ഏകദേശം 1000 കി.മീ. ദൈർഘ്യം വരുന്ന ഉപകനാലുകളും നവീകരിക്കുന്നതിനും സഞ്ചാരയോഗ്യമാക്കുന്നതിനും സംസ്ഥാനസർക്കാർ താഴെപ്പറയുന്ന വിവിധ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്.

1. കൊറ്റി-കോട്ടപ്പുറം-വളപ്പട്ടണം പറശ്ശിനിക്കടവ് റൂട്ടിൽ ഗതാഗതം സുഗമമാക്കുന്നതിന് 13 കോടി രൂപ എസ്റ്റിമേറ്റിൽ ഡ്രഡ്ജിംഗ്, പാർശ്വഭിത്തി നിർമ്മാണം, പാലങ്ങളുടെ നിർമ്മാണം, ജെട്ടികളുടെ നിർമ്മാണം എന്നിവ ഉൾപ്പെട്ട നവീകരണ ജോലികൾ പൂർത്തിയായി വരികയാണ്.

2. ടി.എസ്. കനാലിന്റെ കോവളം മുതൽ കൊല്ലം വരെയുള്ള ഭാഗത്ത് ബോട്ട് ഗതാഗതം സുഗമമാക്കുന്നതിനും തദ്ദ്വാര ടൂറിസം വികസിപ്പിക്കുന്നതിനുമായി ഏകദേശം 70 കോടി രൂപ

LIBRARY ARCHIVES Kerala Legislative Assembly

എസ്റ്റിമേറ്റ് പ്രതീക്ഷിക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ അടുത്ത സാമ്പത്തിക വർഷത്തിൽ പൂർത്തികരിക്കത്തക്ക വിധത്തിൽ ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്നു.

3. ആലപ്പുഴ കനാൽ നവീകരിക്കുന്നതിനും മാലിന്യങ്ങൾ നീക്കി വൃത്തിയാക്കുന്നതിനുമായി വിവിധ ഏജൻസികളെ ഏകോപിപ്പിച്ചുകൊണ്ട് ഒരു പദ്ധതി നടപ്പിലാക്കുന്നതിനായിട്ടുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ച് വരുന്നു.

4. കൂടാതെ, ആലപ്പുഴ-കോട്ടയം, കോട്ടയം-വൈക്കം, ആലപ്പുഴ-ചങ്ങനാശ്ശേരി ജലപാതകൾ വികസിപ്പിക്കുന്നതിന് നാഷണൽ ഹൈവേ പ്രോജക്ടിൽ കൂടി ഉൾപ്പെടുത്തി ലോകബാങ്കിന്റെ സഹായം തേടുന്നതിനുള്ള നടപടികൾ എടുത്ത് വരുന്നുണ്ട്.

5. കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം ലഭിക്കുന്നതിന് താഴെ കാണിച്ചിരിക്കുന്ന ജലപാതകളുടെ വികസനത്തിനുള്ള പ്രോജക്ട് റിപ്പോർട്ടുകൾ ഉപരിതലഗതാഗത മന്ത്രാലയത്തിന് നൽകിയിട്ടുണ്ട്.

ബേയ്പൂർ-കല്ലായി കനാൽ	-	1080 ലക്ഷം രൂപ
മാഹി-വളപ്പട്ടണം	-	150 കോടി രൂപ
വടകര-മാഹി കനാൽ	-	1692 ലക്ഷം രൂപ

കൂടാതെ കൊറ്റി-കോട്ടപ്പുറം കനാലിന്റെ വികസനത്തിന് 321.21 ലക്ഷം രൂപ ചെലവ് വരുന്ന ഒരു പദ്ധതിയ്ക്ക് കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം ലഭിച്ച് കഴിഞ്ഞിട്ടുണ്ട്.

(ബി,സി&ഡി) കൊല്ലം മുതൽ കോട്ടപ്പുറം (കൊടുങ്ങല്ലൂർ) വരെയുള്ള ഭാഗവും ഉദ്യോഗമണ്ഡൽ കനാലും ചമ്പക്കര കനാലും ദേശീയജലപാത 3 ആയി കേന്ദ്രസർക്കാർ പ്രഖ്യാപിച്ച് കഴിഞ്ഞിട്ടുള്ളതാണ്. ദേശീയജലപാത 3 തെക്കോട്ട് കോവളം വരെയും വടക്കോട്ട് കാസർഗോഡ് വരെയും നീട്ടുന്നതിനുവേണ്ടിയു ള്ള സാദ്ധ്യതാപഠന റിപ്പോർട്ട് ഇൻലാന്റ് വാട്ടർ വേയ്സ് അതോറിറ്റി ഓഫ് ഇൻഡ്യയുടെ ആവശ്യപ്രകാരം 'നാട്ട്പാക്ക്' തയ്യാറാക്കുകയും പ്രസ്തുത റിപ്പോർട്ട് കേന്ദ്ര സർക്കാരിന്റെ പരിഗണനയ്ക്കായി നാട്ട്പാക്ക് നേരിട്ട് ഉപരിതല ഗതാഗതമന്ത്രാലയത്തിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. റിപ്പോർട്ട് അംഗീകരിച്ച്, കോവളം വരെയും കാസർഗോഡ് വരെയും ദേശീയജലപാത നീട്ടിക്കഴിഞ്ഞാൽ, ആ ഭാഗത്ത് വരുന്ന എല്ലാ വികസന പ്രവർത്തനങ്ങളും കേന്ദ്ര സർക്കാരിന്റെ ചെലവിൽ ഇൻലാന്റ് വാട്ടർ വേയ്സ് അതോറിറ്റി ഓഫ് ഇൻഡ്യ നേരിട്ടാണ് നടത്തുന്നത്.

കായംകുളം മണ്ഡലത്തിലെ മേജർ ഇറിഗേഷൻ കനാലുകളുടെ നവീകരണവും വികസനവും

39(942) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly